# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2673

17.06.2019-ൽ മറുപടിയ്ക്ക്.

## ക്ഷീരവകുപ്പിന്റെ സമഗ്രവികസനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി**<br>**ശ്രീ.പാറക്കൽ അബ്ദുല്ല**<br>**ശ്രീ.അബ്ദുൽ ഹമീദ് പി.**<br>**ശ്രീ.എം.ഉമ്മർ** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷീരവകുപ്പിന്റെ സമഗ്രവികസനത്തിനായി നടപ്പിലാക്കിയ പദ്ധതികളും സ്വീകരിച്ച നടപടികളും വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷീരമേഖലയുടെ സമഗ്ര വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു.<br>1. തീറ്റപ്പുൽകൃഷി വികസന പദ്ധതി<br>2. കാലിത്തീറ്റ സബ്സിഡി<br>3. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പ്രോഗ്രാം<br>a. ക്ഷീരഗ്രാമംപദ്ധതി<br>b. ഡെയറി സോൺ<br>c. അവശ്യാധിഷ്ഠിത സഹായം<br>d. യന്ത്രവത്കരണം<br>e. കറവയന്ത്രം വാങ്ങുന്നതിനുള്ള സഹായം<br>f. ഹീഫർ പാർക്ക്<br>4. ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം<br>5. സമഗ്ര ഇൻഷുറൻസ് പദ്ധതി<br>6. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി<br><br>കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, അപകട മരണത്തിനുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവാർഡ് എന്നിവയും നൽകിവരുന്നു.<br>സംസ്ഥാനത്ത് ആദ്യമായി ക്ഷീരകർഷകർക്കായി 5 കോടി രൂപയുടെ കടാശ്വാസ പദ്ധതി നടപ്പാക്കുകയും ക്ഷീരകർഷകരുടെ പ്രധാനപ്രശ്നമായ വർദ്ധിച്ച കാലിത്തീറ്റ ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കുന്നതിനായി സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യവ്യക്തികൾ വശം തരിശായി കിടക്കുന്ന സ്ഥലം കണ്ടെത്തി വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി നടത്തി കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേന ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും നടപ്പിലാക്കി. |

ഉരുക്കളെയും കർഷകരേയും കുടുംബാംഗങ്ങളേയും ഉൾപ്പെടുത്തി സമഗ്രഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കാലിത്തീറ്റ / മിൽക്ക് ഇൻസെന്റീവ് ഉൾപ്പെടെ കർഷകർക്ക് ആവശ്യമായ പദ്ധതികൾ പ്രാദേശിക തലത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം പാലുല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ പാലിന്റെ ആവശ്യകതയുടെ 80 ശതമാനത്തിന് മുകളിൽ ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്നുവെന്ന് കണക്കാക്കപ്പെടുന്നു.

സംസ്ഥാനത്തുണ്ടായ രൂക്ഷമായ പ്രളയം പാലുല്പാദനത്തെ ബാധിക്കുകയും ക്ഷീരസംഘം വഴിയുള്ള പാൽസംഭരണത്തിൽ ശരാശരി പ്രതിദിനം 2.5 ലക്ഷം ലിറ്ററിന്റെ കുറവുണ്ടാകുകയും ചെയ്തിട്ടുണ്ട്. ഇത് പാലുല്പാദനത്തിൽ സ്വയം പര്യാപ്തതയിൽ എത്തുന്നതിന് തടസ്സമായിട്ടുണ്ട്. എന്നാൽ നിലവിൽ പാലുല്പാദനത്തിൽ വന്ന കുറവ് പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(സി) സംസ്ഥാനത്തെ 14 ജില്ലാ ആസ്ഥാനത്തും പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ലാബുകൾ മുഖേന വിപണിയിൽ ലഭ്യമായ പാൽ സാമ്പിളുകൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്ന് എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് നിലവിൽ മീനാക്ഷിപുരം (പാലക്കാട്), ആര്യങ്കാവ് (കൊല്ലം) എന്നീ അതിർത്തി ചെക്ക് പോസ്റ്റുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പരിശോധനാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, തിരുവനന്തപുരത്ത് എൻ.എ.ബി.എൽ അക്രഡിറ്റേഷനോടുകൂടിയ ലാബും പ്രവർത്തിക്കുന്നുണ്ട്. കാസർഗോഡ്, കോട്ടയം എന്നിവിടങ്ങളിലുള്ള റീജിയണൽ ലാബുകളിൽ പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**